പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 84 28.01.2019 ൽ മറുപടിക്ക്

## കൊച്ചി അന്താരാഷ്ട്ര വിമാനത്താവള വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എന്തെല്ലാം പുതിയ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) | 850 കോടി രൂപ മുതൽ മുടക്കിൽ അന്താരാഷ്ട്ര യാത്രക്കാർക്കായി 15 ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണത്തിൽ അത്യാധുനിക സൗകര്യങ്ങളുൾക്കൊള്ളിച്ച പുതിയ അന്താരാഷ്ട്ര ടെർമിനൽ, അനുബന്ധ പദ്ധതികളായ റോഡുകൾ, പാലങ്ങൾ, ഏപ്രൺ മുതലായവ 400 കോടി രൂപ മുതൽ മുടക്കിൽ പൂർത്തിയാക്കി 13.03.2017 ന് രാഷ്ട്രത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>240 കോടി രൂപ മുതൽ മുടക്കി കേരള പരമ്പരാഗത വാസ്തുശില്പ ശൈലിയിൽ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിച്ച ആറ് ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ള ആഭ്യന്തര ടെർമിനൽ 12.12.2018 ന് രാഷ്ട്രത്തിന് സമർപ്പിച്ചു. മണിക്കൂറിൽ 4000 യാത്രക്കാരെ കൈകാര്യം ചെയ്യാൻ ശേഷിയുള്ളതാണ് ടി ടെർമിനൽ.<br>സിയാലിന്റെ സൗരോജ്ജ പ്ലാന്റിന്റെ സ്ഥാപിത ശേഷി 40 മെഗാവാട്ടായി ഉയർത്തിയതോടൊപ്പം, 2600 കാറുകൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള കാർപോർട്ടും സജ്ജീകരിച്ചിട്ടുണ്ട്. 5.1 മെഗാവാട്ട് ശേഷിയുള്ള രാജ്യത്തെ ഏറ്റവും വലിയ സൗരോർജ്ജ കാർപ്പോർട്ടും ലോകത്തിലെ ഏറ്റവും വലിയ വിമാനത്താവള സൗരോർജ്ജ കാർപ്പോർട്ടുമാണിത്. |
| (ബി) | നിലവിൽ എന്തെല്ലാം വികസന പദ്ധതികൾ നടന്നു വരുന്നു എന്ന് അറിയിക്കാമോ? | (ബി) | പുതിയ നാലുവരി പാതയുടെയും, വിമാനത്താവളത്തിന്റെ അകത്തുള്ള റോഡുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നു. 280.07 കോടി രൂപ മുതൽ മുടക്കിൽ അന്താരാഷ്ട്ര ടെർമിനലുകളുടെ വടക്ക് ഭാഗത്ത് നിർമ്മിക്കുന്ന ഏപ്രൺ മറ്റ് അനുബന്ധ വികസന പ്രവർത്തനങ്ങൾ, 74 കോടി രൂപ മുതൽ മുടക്കി നവീകരിക്കുന്ന കാർഗോ കോംപ്ലക്സ്, പുതിയ ഇറക്കുമതി ടെർമിനൽ, ബന്ധപ്പെട്ട അത്യാധുനിക അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം ഇക്കൊല്ലം |

| | | | |
|---|---|---|---|
| | | | ആരംഭിക്കും. 185 കോടി രൂപ മുതൽ മുടക്കി റൺവേയുടേയും ടാക്സിവേകളുടേയും റീകാർപെറ്റിംഗ് സംവിധാനം കാറ്റഗറി 1 ൽ നിന്നും കാറ്റഗറി 3 ലേക്ക് ഉയർത്തുന്ന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. 77 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന ചതുർ നക്ഷത്ര (4-Star) ഹോട്ടലിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ